ഫിഷ്പോണ്ട് ഏർപ്പെടുത്താൻ പദ്ധതി

239 [291] [ശ്രീ. കെ. എ. ശിവരാമഭാരതി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓരോ പഞ്ചായത്തിനും ആവശ്യമായ മൽസ്യത്തിന് ആ പഞ്ചായത്ത് അതിർത്തിയിൽ ഫിഷ്പോണ്ടുകൾ ഏർപ്പെടുത്താൻ ഉള്ള ഒരു പദ്ധതി ഗവൺമെൻറ് സ്വീകരിക്കുമോ ;

(ബി) സംസ്ഥാനത്ത് ഫിഷറീസ് വകുപ്പിൻെറ ഫിഷ് പോണ്ടുകൾ എവിടെയെല്ലാം എത്രവീതം ഉണ്ട് എന്നു വ്യക്തമാക്കാമോ ;

(സി) മലമ്പുഴ, മീൻകര, വാളയാർ, പോത്തുണ്ടി, മംഗലം തുടങ്ങിയ അണക്കെട്ടുകളിൽ മൽസ്യം വളർത്തുന്നുണ്ടോ ;

(ഡി) അവയിൽനിന്ന് കൊല്ലംതോറും എത്ര രൂപയുടെ മൽസ്യം ലഭിക്കുന്നു;

(ഇ) ഇവിടങ്ങളിലെ മൽസ്യം വളർത്തൽ ലാഭമാണോ, നഷ്ടമാണോ ?

ഉത്തരം

(എ) പഞ്ചായത്തുകൾ മുന്നോട്ടു വരികയാണെങ്കിൽ ഇക്കാര്യം പരിഗണിക്കാം.

(ബി)

ആയിരംതെങ്ങ്	—	ആലപ്പുഴ	ജില്ല
ഞാറയ്ക്കൽ, മാലിപ്പുറം	—	എറണാകുളം	,,
കടപ്പുറം	—	തൃശ്ശൂർ	,,
എരഞ്ഞോളി	—	കണ്ണൂർ	,,
പന്നിവേലിച്ചിറ	—	കൊല്ലം	,,
മലമ്പുഴ	—	പാലക്കാട്	,,

എന്നിങ്ങനെ ഏഴു സ്ഥലങ്ങളിൽ ഡിപ്പാർട്ടുമെൻറിൻെറ ഫിഷ് ഫാമുകൾ ഉണ്ട്.

(സി) ഉണ്ട്.

(ഡി) കഴിഞ്ഞ 5 വർഷങ്ങളിലായി ലഭിക്കുന്ന മൽസ്യത്തിൻെറ വില വിവരം താഴെ പറയും പ്രകാരമാണ്:

		രൂപ
1970-71	..	36,944.24
1971-72	..	39,853.05
1972-73	..	39,271.27
1973-74	..	38,211.65
1974-75	..	58,545.50

(ഇ) മേൽ പറഞ്ഞ അണക്കെട്ടുകളിൽ മൽസ്യ ഗവേഷണമാണ് പ്രധാനമായിനടത്തുന്നത്. ലഭ്യമായ മീൻ സാധാരണക്കാരന് വാങ്ങാൻ കഴിയുമാറ് ചുരുങ്ങിയ വിലയ്ക്ക് വിൽക്കുകയും ചെയ്യുന്നുണ്ട്. ലാഭനഷ്ടത്തിൻെറ അടിസ്ഥാനത്തിലല്ല ഈ ഫിഷ്ഫാമുകൾ പ്രവർത്തിക്കുന്നത്.

കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും പഞ്ചായത്തുകൾക്കും ലഭിച്ച സാമ്പത്തിക സഹായം

240 [292] [ശ്രീ. പി. ഐ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, പഞ്ചായത്തുകൾ എന്നിവയ്ക്ക് എൽ. ഐ. സി., അർബൻ ഫൈനാൻസിംഗ് കോർപ്പറേഷൻ,

LIBRARY ARCHIVES Kerala Legislative Assembly

റൂറൽ ഡവലപ്പ്മെൻറ് ബോർഡ് തുടങ്ങിയ ധനസഹായസ്ഥാപനങ്ങൾ ഇതുവരെ എന്തു തുക നൽകിയിട്ടുണ്ട് ;

(ബി) ഓരോ സ്ഥാപനത്തിനും ഓരോ ഫൈനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷനിൽനിന്നും ലഭിച്ചിട്ടുള്ള തുക എത്ര ; എന്തിനുവേണ്ടി ?

ഉത്തരം

(എ) പഞ്ചായത്തുകൾക്ക് മാർക്കറ്റ് സ്റ്റാളുകളും, ഷോപ്പിംഗ് സെൻറുകളും, ബസ് സ്റ്റാൻറുകളും, വാട്ടർ സപ്ലൈ സ്കീമുകളും മുതലായവ റൂറൽ ഡവലപ്പ്മെൻറ് ബോർഡ് നിർമ്മിച്ചുനൽകുന്നുണ്ട്. അല്ലാതെ തുകകൾ നേരിട്ടു നൽകുന്നില്ല. കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, ഗുരുവായൂർ ടൗൺഷിപ്പ്, റൂറൽ ഡവലപ്പ്മെൻറ് ബോർഡ് എന്നിവയ്ക്ക് എൽ. ഐ. സി. യിൽനിന്നും നാളിതുവരെ 2342.18 ലക്ഷം രൂപയും കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, ഗുരുവായൂർ ടൗൺഷിപ്പ് തുടങ്ങിയവയ്ക്ക് കേരള അർബൻ ഡവലപ്പ്മെൻറ് ഫൈനാൻസ് കോർപ്പറേഷനിൽനിന്നും 486.31559 ലക്ഷം രൂപയും ധനസഹായമായി ലഭിച്ചിട്ടുണ്ട്.

(ബി)

സ്ഥാപനത്തിൻെറ പേര്	എൽ. ഐ. സി. യിൽനിന്നും ലഭിച്ച തുക	കേരള അർബൻ ഡവലപ്പ്മെൻറ് ഫൈനാൻസ് കോർപ്പറേഷനിൽനിന്നും ലഭിച്ച തുക
1. കോർപ്പറേഷനുകൾ	992.09 ലക്ഷം രൂപ	151.53102 ലക്ഷം രൂപ
2. മുനിസിപ്പാലിറ്റികൾ	1092.09 ,,	331.03457 ,,
3. ഗുരുവായൂർ ടൗൺഷിപ്പ്	37.00 ,,	3.75 ,,
4. റൂറൽ ഡവലപ്പ്മെൻറ് ബോർഡ്	221.00 ,,	...

എൽ. ഐ. സി. യിൽനിന്നുള്ള ധനസഹായം ശുദ്ധജലവിതരണപദ്ധതികളും ഡ്രെയിനേജു സ്കീമുകളും നടപ്പാക്കുന്നതിനുവേണ്ടിയാണ്. ആദായകരമായ നഗരപരിഷ്ക്കരണപദ്ധതികൾക്ക് കേരള അർബൻ ഡവലപ്പ്മെൻറ് കോർപ്പറേഷൻ ധനസഹായം നൽകുന്നു. പഞ്ചായത്തുകൾക്ക് മാർക്കറ്റ് സ്റ്റാളുകളും, ഷോപ്പിംഗ് സെൻറുകളും, ബസ് സ്റ്റാൻറുകളും, വാട്ടർ സപ്ലൈ സ്കീമുകളും മുതലായവ റൂറൽ ഡവലപ്പ്മെൻറ് ബോർഡ് നിർമ്മിച്ചുനൽകുന്നു. കൂടാതെ പഞ്ചായത്തുകളിലെ ആദായകരമായ വികസനപദ്ധതികൾക്കായി റൂറൽ ഡവലപ്പ്മെൻറ് ബോർഡ് ഇതുവരെയായി 3,02,50,000 രൂപ ഡിബഞ്ചർ ഇനത്തിൽ സമാഹരിച്ചിട്ടുണ്ട്.

പൊന്നാനി അഴിമുഖത്ത് അടിഞ്ഞുകൂടിയ മണ്ണ് നീക്കുന്നതിന് നടപടി

241 [293] ശ്രീ. പിണറായി വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ മന്ത്രി സദയം മറുപടി നൽകുമോ ;

(എ) പൊന്നാനി അഴിമുഖത്ത് മണ്ണ് അടിഞ്ഞു കൂടിയതിൻെറ ഫലമായി ഫിഷിംഗ് ബോട്ടുകൾക്ക് പാതാറിനടുത്തുവരുവാൻ സാധിക്കാതെ വന്നിരിക്കുന്ന വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ മണ്ണു നീക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു ?

LIBRARY ARCHIVES Kerala Legislative Assembly